മാറ്റവും എൽ.സി.ഡി. മീറ്റർ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുവായ പോപ്പുലേറ്റഡ് പ്രിന്റഡ് സർക്യൂട്ട് ബോർഡിന്റെ ദൗർലഭ്യവുമാണ് കമ്പനിയിൽ ചെറിയ തോതിൽ പ്രതിസന്ധി സൃഷ്ടിച്ചത്. എന്നാൽ ഇന്ന് ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ചിട്ടുണ്ട്. എൽ.സി.ഡി. മീറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങളെല്ലാം പരിഹരിച്ച് കുറ്റമറ്റ രീതിയിൽ മീറ്റർ നിർമ്മിക്കാൻ തുടങ്ങിയിട്ടുണ്ട്. മീറ്റർ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുവായ പോപ്പുലേറ്റഡ് പ്രിന്റഡ് സർക്യൂട്ട് ബോർഡ് ആവശ്യാനുസരണം ലഭിക്കുന്നതിനുവേണ്ടി കെൽട്രോണിനെക്കൂടാതെ അംഗീകൃത ഉത്പാദകരിൽ നിന്നുകൂടി വാങ്ങാൻ തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഫലമായി കെ.എസ്.ഇ.ബി.-യിൽ കഥാർ പ്രകാരമുള്ള അൻപതിനായിരത്തോളം മീറ്ററുകൾ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.ക്ക് ആവശ്യമായ മീറ്ററുകൾ കുറ്റമറ്റ രീതിയിൽ ചെയ്തുകൊടുക്കാൻ കഴിയുമെന്നതിനാൽ ഇപ്പോൾ കമ്പനി പ്രതിസന്ധിയൊന്നും നേരിടുന്നില്ല.

(7) കടലാക്രമണ പ്രതിരോധ പദ്ധതി

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനം രൂപീകരിക്കുന്നതിന് മുൻപ് 1954-ൽ ഡോ. വേലുക്കുട്ടി അരയൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കടലാക്രമണ പ്രതിരോധ പദ്ധതി സമർപ്പിച്ചിരുന്നു. കടലിലെ തിരക്കുഴിയിൽ നിന്നും മണ്ണ് കുഴിച്ചെടുത്ത് മുക്കാൽ കിലോമീറ്റർ വീതിയിൽ തീരത്തിന്റെ നീളത്തിൽ പുതിയ കര ഉണ്ടാക്കുകയാണ് ഡോ. വേലുക്കുട്ടി അരയൻ ഈ പദ്ധതിയിലൂടെ നിർദ്ദേശിച്ചത്. മണ്ണ് കുഴിക്കുമ്പോൾ ആഴം കൂടുന്നതിനാൽ തിരയുടെ ശക്തി കുറയുകയും കടലാക്രമണം ഇല്ലാതാവുകയും മത്സ്യപ്രജനനവും മത്സ്യബന്ധനവും സുഗമമാവുകയും ചെയ്യുമെന്നാണ് കണക്കാക്കുന്നത്. നിലവിലെ സമ്പ്രദായമായ കരിങ്കൽ ഭിത്തിക്ക് പകരം പരീക്ഷിക്കാവുന്ന സമ്പ്രദായമാണ് ഇത്. സർക്കാരിന് കോടിക്കണക്കിന് രൂപയുടെ ലാഭം ഇതിലൂടെ ഉണ്ടാവുകയും ചെയ്യും. പാരിസ്ഥിതികമായ പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനും ഇത് ഇടയാക്കും. ലോകത്ത് പല രാജ്യങ്ങളിലും ഈ സ്കീം നടപ്പാക്കി വിജയം വരിച്ചിട്ടുണ്ട്. നോർവെ, പോളണ്ട് തുടങ്ങിയ രാജ്യങ്ങൾ ഉദാഹരണങ്ങളാണ്. സുനാമി ദുരന്തത്തിനുശേഷം സംസ്ഥാനത്തെ പ്രമുഖ പത്ര മാധ്യമങ്ങൾ ഈ പദ്ധതിയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടിയിരുന്നു. ഞാൻ ഈ സഭയിൽത്തന്നെ സബ്മിഷനിലൂടെ ഈ വിഷയം കൊണ്ടുവന്നിട്ടുണ്ട്. ശ്രീ. ദിനേശ് മണി ഉൾപ്പെടെയുള്ള ആളുകൾ ഇതിന്റെ പ്രധാന്യം നിരവധി തവണ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. നിലവിലുള്ള തീരസംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്ന് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് പഠനം നടത്തുവാൻ ഒരു വിദഗ്ദ്ധ ശാസ്ത്ര സമിതിയെ നിയോഗിക്കുമെന്നും സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി കേരള തീരത്ത് സൗകര്യപ്രദമായ സ്ഥലത്ത് ഒരു കിലോമീറ്റർ ദൂരം പരീക്ഷണാർത്ഥം ഈ പദ്ധതി നടപ്പിലാക്കുമെന്നും ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഇക്കാര്യത്തിൽ തുടർ നടപടികൾ അടിയന്തരമായി ഉണ്ടാകണം. അടിയന്തരമായി കടലാക്രമണ പ്രതിരോധ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ഒരു പഠനം നടത്തുവാൻ

Digitized by Arya Samaj Foundation Chennai and eGangotri

വിദഗ്ദ്ധ ശാസ്ത്ര സമിതിയെ നിയോഗിക്കണം. ഒട്ടനവധി മാധ്യമങ്ങളും ശാസ്ത്ര സമൂഹവും പരിസ്ഥിതി പ്രവർത്തകരും ഇതിന്റെ പ്രാധാന്യം എടുത്തു പറയുന്നുണ്ട്. കടൽ ഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി പാറകളിൽനിന്ന് കരിങ്കൽ പൊട്ടിക്കുന്നതുകൊണ്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഒരു ഭാഗത്തുണ്ട്. ഈ കരിങ്കൽ കൊണ്ടുവന്ന് കടലിൽ നിക്ഷേപിക്കുന്നതുകൊണ്ട് കടലിലെ പാരിസ്ഥിതികാവസ്ഥയേയും ബാധിക്കുകയാണ്. അങ്ങനെ ഓരോ പദ്ധതി കഴിയുമ്പോഴും കോടിക്കണക്കിന് രൂപ ചെലവാകുകയും കടലിൽ കായം കലക്കുന്ന പോലെ പിന്നെ അത് കടൽ തന്നെ എടുത്തുകൊണ്ടുപോകുകയും ചെയ്യുകയാണ്. ഇത്തരത്തിലുള്ള ഒരു പാരിസ്ഥിതിക പ്രശ്നങ്ങൾ നിലനിൽക്കുന്നതിന്റെ പശ്ചാത്തലത്തിൽ ഒരു ശാസ്ത്ര സമൂഹത്തിന്റെ കൂടി, മാധ്യമ സമൂഹത്തിന്റെയും പൊതുസമൂഹത്തിന്റെയും ഇത്തരത്തിലുള്ള നിഗമനം കൂടി കണക്കിലെടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഏതെങ്കിലും ഒരു സ്ഥലത്ത് ഒരു അഴിമുഖം മുതൽ മറ്റൊരു അഴിമുഖം വരെയുള്ള പ്രദേശത്ത് ഇത് നടപ്പിലാക്കുന്നതിനുവേണ്ടി ഒരു പരീക്ഷണം നടത്തണം. ഇൻഡ്യയിൽ സമർപ്പിക്കപ്പെട്ട ഒരു പദ്ധതി, കേരളത്തിൽനിന്ന് വന്ന ഒരു നിർദ്ദേശം, ലോകത്ത് പല രാജ്യങ്ങളിലും പരീക്ഷിച്ച് വിജയിച്ചു എന്നതിന്റെ അടിസ്ഥാനത്തിൽ നാം എന്തുകൊണ്ട് ഈ പരീക്ഷണത്തിന് മുതിർന്നില്ല എന്നുകൂടി ചർച്ച ചെയ്യണം വളരെ ഗൗരവത്തോടുകൂടി ഈ വിഷയത്തെ ബഹുമാനപ്പെട്ട മന്ത്രി കാണുമെന്നും വിശ്വസിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് വീണ്ടും ശ്രീ.ടി.എൻ. പ്രതാപൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. 13-10-2006-ൽ ശ്രീ. ടി.എൻ. പ്രതാപൻ തന്നെ ഡോ. വേലുക്കുട്ടി അരയൻ 1954-ൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിച്ച ലാൻഡ് റിക്ലമേഷൻ സ്കീം പരീക്ഷണാർത്ഥം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സബ്മിഷൻ ഉന്നയിച്ചിരുന്നു. ആ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽത്തന്നെ ഇത് സംബന്ധമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വേണ്ടിയുള്ള ഒരു സമിതിയേയും ഗവൺമെന്റ് നിയോഗിച്ചു. 30-10-2006-ൽ എന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനപ്രകാരം പൈലറ്റ് പ്രോജക്ടായി ഈ പ്രൊപ്പോസൽ നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശം ചീഫ് എൻജിനീയർ (ഇറിഗേഷൻ (അഡ്മിനിസ്ട്രേഷൻ) നൽകുകയുണ്ടായി. കേരളത്തിലെ തീരപ്രദേശങ്ങളിൽ പഠനം നടത്തിയെങ്കിലും ബീച്ച് നറിഷ്മെന്റ് പ്രൊപ്പോസലിന് അനുകൂലമായ ഒരു ശിപാർശ ലഭിച്ചില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഇത് ഒരു ബീച്ച് നറിഷ്മെന്റ് പ്രോഗ്രാമാണ്. ശിപാർശ ലഭിച്ചില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽത്തന്നെ വേലുക്കുട്ടി അരയൻ സ്കീം കേരള തീരത്ത് നടപ്പാക്കാൻ കഴിയുമോ എന്നത് പരിശോധിക്കാൻ വേണ്ടി കേരളത്തിലെ ജലവിഭവ മംഗത്തെ ഗവേഷണ കേന്ദ്രമായ സി.ഡബ്ല്യു.ആർ. ഡി.എം.-നെ ചുമതലപ്പെടുത്തി. എന്നാൽ സി.ഡബ്ല്യു. ആർ.ഡി.എം. സമർപ്പിച്ച റിപ്പോർട്ട് പ്രകാരവും ഏതാണ്ട് ഒരു കിലോമീറ്റർ ഉള്ളിലായി കടലിൽ മുപ്പത് മീറ്റർ പരിധിയിൽ അഞ്ച് മുതൽ ഏഴ് മീറ്റർ വരെ ആഴത്തിൽ തീരത്തിന് സമാന്തരമായി ചാനലുണ്ടാക്കുന്നതുമൂലം കടലാക്രമണത്തിന്റെ തീവ്രത കുറയുന്നില്ലെന്നും

LIBRARY ARCHIVES Kerala Legislative Assembly

അറുപതുകളിൽ ആലപ്പുഴ ജില്ലയിലെ പുറക്കാട്ട് കൃത്രിമ ബീച്ച് നറിഷിംഗ് പരീക്ഷിച്ചുവെങ്കിലും ഫലപ്രദമായില്ല എന്നാണ് റിപ്പോർട്ട് നൽകിയത്. കേരള തീരത്ത് നിന്ന് വിഭിന്നമായി, നേരത്തെ ശ്രീ. ടി.എൻ. പ്രതാപൻ സൂചിപ്പിച്ച നോർവീജിയൻ പ്രശ്നത്തെ സംബന്ധിച്ച് പരിശോധിച്ചപ്പോൾ അവർ പറഞ്ഞത്, നോർവീജിയൻ തീരപ്രദേശം പാറക്കെട്ടുകൾ ഉള്ളതാണെന്നും അതിന്റെ പശ്ചാത്തലത്തിലാണ് ഇത് ഫീസിബിളായതെന്ന റിപ്പോർട്ട് ഇക്കാര്യത്തിൽ ലഭിച്ചത് എന്നുമാണ്. എന്നാൽ ഈ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് കുറച്ചുകാണുന്നില്ല. ഇത് ടെക്നിക്കലി ഫീസിബിൾ ആണെങ്കിൽ തീർച്ചയായും കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിന്റെ തീര സംരക്ഷണത്തിന് ഏറ്റവും അനുയോജ്യമായ ഒരു സംരംഭം തന്നെയാണ്. ഇക്കാര്യത്തിൽ ആധികാരികമായ അഭിപ്രായം പറയേണ്ടത് സാങ്കേതിക വിദഗ്ദ്ധരും ശാസ്ത്രകാരൻമാരുമാണ്. ഇവിടെ ശ്രീ. ടി.എൻ. പ്രതാപൻ വീണ്ടും ഈ സബ്മിഷൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന പശ്ചാത്തലത്തിൽ പ്രശ്നത്തിന്റെ ഗൗരവം കൂടി പരിഗണിച്ചു കൊണ്ട് സാങ്കേതിക രംഗത്തും ശാസ്ത്ര രംഗത്തും വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ള ഒരു വിദഗ്ദ്ധ സമിതിയെ ഈ കാര്യത്തിൽ വീണ്ടും ഈ പ്രശ്നം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി നിയോഗിക്കുന്നതാണ്. ഇറിഗേഷൻ ചീഫ് എഞ്ചിനീയർ കൺവീനറായി ഐ.ഐ.ടി ചെന്നൈ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാഫി, സെന്റിന്റെ പ്രതിനിധി, അറിയപ്പെടുന്ന ഒരു പരിസ്ഥിതി ശാസ്ത്രകാരൻ തുടങ്ങിയ വിദഗ്ദ്ധരടങ്ങുന്ന ഒരു സമിതിയെ ഇക്കാര്യത്തിൽ നിയോഗിച്ചുകൊണ്ട് സമഗ്രമായി ശാസ്ത്രീയവും സാങ്കേതികവുമായ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിക്കൊണ്ട് അനന്തര നടപടികൾ സ്വീകരിക്കുന്നതിനെ സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ ഉന്നയിച്ച പരീക്ഷണാർത്ഥം നടപ്പാക്കുന്നത് സംബന്ധിച്ച കാര്യവും നേരത്തെ തീരുമാനിച്ചതാണ്. വേലുക്കുട്ടി അരയൻ മാതൃകയിലുള്ള ഈ 200 മീറ്റർ കടലാക്രമണ പ്രതിരോധ സംവിധാനം നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് ആലോചിച്ചപ്പോൾ ഒരു അഴി മുതൽ മറ്റൊരു അഴി വരെയുള്ള പ്രദേശത്തേയ്ക്ക് ചെയ്തെങ്കിൽമാത്രമേ ഇത് സാധ്യമാകൂ, ഇത് നിലനിൽക്കൂ എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷണാർത്ഥം നടപ്പാക്കാനുള്ള പദ്ധതിയും ഉപേക്ഷിച്ചത്. അങ്ങനെയാണെങ്കിൽ ഏറ്റവും കൂടുതൽ കടലാക്രമണ മേഖലയായിട്ടുള്ള നീണ്ടകര അഴി മുതൽ കായംകുളം അഴി വരെ ഒരു സ്ട്രെച്ച് മോഡൽ സ്റ്റഡി ആയി നടപ്പാക്കുന്നതിനെ സംബന്ധിച്ചുകൂടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഈ കമ്മിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് സർക്കാർ നൽകുന്നതാണ്. ആ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ നടപ്പാക്കാൻ കഴിയുമെങ്കിൽ കേരള തീരത്താകെ പരീക്ഷിച്ച് നടപ്പാക്കാവുന്നതാണ്.

(s) അന്യസംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റം

ശ്രീ. കെ. ശിവദാസൻ നായർ: സർ, അന്യസംസ്ഥാനത്തുനിന്ന് നമ്മുടെ നാട്ടിൽ ധാരാളം തൊഴിലാളികൾ ജോലിക്കായി വരുന്നുണ്ട്. മുമ്പ് തമിഴ്നാട്ടിൽ നിന്നുള്ള തൊഴിലാളികളായിരുന്നു നമ്മുടെ നാട്ടിൽ ദിവസകൂലിക്കാരായി വന്നു

LIBRARY ARCHIVES Kerala Legislative Assembly